# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 559 — 30.06.2016-ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>,, കെ. ആൻസലൻ<br>,, കെ.ജെ. മാക്സി<br>,, എം. മുകേഷ് : | ശ്രീ. മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. 'ജലനിധി' പദ്ധതിയുടെ നടത്തിപ്പിലെ അലംഭാവം, പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിയാത്ത അവസ്ഥ സംസ്ഥാനത്ത് സംജാതമാക്കിയിട്ടുണ്ടോ; | എ. ഉള്ളതായി കണ്ടെത്തിയിട്ടില്ല. |
| ബി. പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും ആസൂത്രണവും, നിർമ്മാണവും, വിതരണവും സമയബന്ധിതമായി നടത്താൻ കഴിഞ്ഞിരുന്നോ ; വ്യക്തമാക്കുമോ; | ബി. പദ്ധതി നടത്തിപ്പിലെ വിവിധ ഘട്ടങ്ങൾ (ആസൂത്രണം, നിർവ്വഹണം, വിതരണം) ഇവ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് ജലനിധി പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മൺസൂൺ ആരംഭിച്ചു കഴിഞ്ഞാൽ പ്രധാന ഘടകമായ സ്രോതസ്സിന്റെ പ്രവൃത്തികൾ അടുത്ത വർക്കിംഗ് സീസണിൽ മാത്രമേ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇതുമൂലം കാലതാമസം ഉണ്ടാകാറുണ്ട്. കൂടാതെ, കരാറുകാരെ കണ്ടെത്തുന്നതിനും, വനം വകുപ്പ് പോലെയുള്ള അനുബന്ധ വകുപ്പുകളിൽ നിന്നും ആവശ്യമായ ക്ലിയറൻസ് ലഭിക്കേണ്ടതിനും ഉണ്ടാകുന്ന കാലതാമസം, റോഡ് കട്ടിംഗിന് അനുമതി ലഭ്യമാക്കുന്നതിനും, കെ.എസ്.ഇ.ബി യിൽ നിന്നും ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിനും ഉണ്ടാകുന്ന കാലതാമസം എന്നിവ സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് തടസ്സമാകാറുണ്ട്. |

| | | | |
|---|---|---|---|
| സി. | 'ജലനിധി' പദ്ധതി സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തക്ക വിധം പ്രായോഗികമായി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ; | സി. | ജലനിധി പദ്ധതിയുടെ നിർവ്വഹണവും, നടത്തിപ്പും, സംബന്ധിച്ച പ്രായോഗികതകൾ പരിശോധിച്ച്, സാധാരണ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി. | പദ്ധതിയുടെ പൂർത്തീകരണത്തോടെ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; | ഡി | 11.5 ലക്ഷത്തോളം പേർക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിനും, 6.9 ലക്ഷത്തോളം പേർക്ക് ശുചിത്വ സംവിധാനങ്ങൾ ഒരുക്കുന്നതിനുമാണ് ജലനിധി രണ്ടാംഘട്ട പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| ഇ. | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമോ? | ഇ | പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണങ്ങൾ ഇതുവരേയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ